'ഭരണഭാഷ-മാതൃഭാഷ '

# കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - മലപ്പുറം ജില്ല - പെരിന്തൽമണ്ണ നഗരസഭ - 2016-2017 വർഷ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.12 - തടസ്സപ്പെടുത്തിയ തുക - സാധൂകരണം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

## തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

**സ.ഉ (സാധാ)നം.451 /2022/തസ്വഭവ.** **തിരുവനന്തപുരം, തീയതി. 24.02.2022.**

പരാമർശം:-1. സർക്കാർ ഉത്തരവ് സ.ഉ(കൈ)നമ്പർ 04/2016/തസ്വഭവ തീയതി.11/01/2016

2. 31/01/2020- ലെ നഗരകാര്യ ഡയറക്ടറുടെ എഫ്2/18072/2018 നമ്പർ കത്ത്.
3. 07/04/2021-ലെ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ ഡി.കെ.എസ്.എ 1228/എം.എൽ.3/2020 നമ്പർ കത്ത്.

## ഉത്തരവ്

മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ നഗരസഭയിലെ 2016-2017 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.12 പ്രകാരം 3.00,000/-രൂപ( മൂന്ന് ലക്ഷം രൂപ മാത്രം) ചെലവഴിച്ചത് പരാമർശം (1) പ്രകാരമുള്ള സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായതിനാൽ ഓഡിറ്റ് വകുപ്പ് തടസ്സപ്പെടുത്തിയിരുന്നു. പെരിന്തൽമണ്ണ നഗരസഭാപ്രദേശത്തെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 100 വനിതകൾക്ക് സ്വയംതൊഴിൽ ആസ്തി എന്ന നിലയിൽ നടപ്പിലാക്കിയ പ്രസ്തുത പദ്ധതി വനിതകളുടെ ജീവിതനിലവാരം ഉയർത്തുന്നതിന് വളരെ പ്രയോജനപ്രദമായിരുന്നുവെന്നും സബ്സിഡി കൃത്യമായി ഈ ആവശ്യത്തിന് വിനിയോഗിച്ചതിനാൽ ഉൽപാദനമേഖലയിൽ സമ്പത്തികസഹായം പരാതിരഹിതമായും, സമയബന്ധിതമായും നടപ്പിലാക്കുകയാണ് ചെയ്തതെന്നും മേൽ തുകയ്ക്ക് സർക്കാർ സാധൂകരണം നൽകണമെന്നും നഗരകാര്യഡയറക്ടർ സർക്കാരിനോട് ശുപാർശ ചെയ്തിരുന്നു.

കോഴിയും കൂട്ടും പദ്ധതി മൂലം തീരെ പാവപ്പെട്ട ഗുണഭോക്താക്കൾക്ക് ഉപകാരമുണ്ടായിരുന്നു എന്ന പെരിന്തൽമണ്ണ നഗരസഭ കൗൺസിലിന്റെ 21/06/2018 -ലെ 89-ാം നമ്പർ അനുകൂല തീരുമാനം,നഗരകാര്യ ഡയറക്ടറുടെ അനുകൂല റിപ്പോർട്ട് എന്നിവ പരിഗണിച്ചും ഖണ്ഡികയിന്മേലുള്ള ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സാധൂകരണം നല്കുന്ന വിഷയത്തിൽ എതിരഭിപ്രായമില്ലെന്നും യുക്തമായ തീരുമാനം സർക്കാർ തലത്തിൽ എടുക്കാവുന്നതാണെന്നും പരാമർശം(3) പ്രകാരം സംസ്ഥാന ഓഡിറ്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക ചെലവഴിച്ചത് തീരെ പാവപ്പെട്ട ഗുണഭോക്താക്കൾക്ക് ഉപകാരമുണ്ടാകുന്ന വിധത്തിൽ തികച്ചും ജനോപകാരപ്രദവും പരാതിരഹിതവുമായിട്ടായിരുന്നു എന്ന നഗരകാര്യ ഡയറക്ടറുടെ

അനുകൂല റിപ്പോർട്ട്, പെരിന്തൽമണ്ണ നഗരസഭ കൗൺസിലിന്റെ അനുകൂല തീരുമാനം, സംസ്ഥാന ഓഡിറ്റ് ഡയറക്ടറുടെ അഭിപ്രായം എന്നിവ പരിഗണിച്ച് പെരിന്തൽമണ്ണ നഗരസഭയിലെ 2016-2017 വർഷത്തെ ഓഡിറ്റിൽ ഖണ്ഡിക 3.12 പ്രകാരം തടസ്സപ്പെടുത്തിയ 3,00,000/-(മൂന്ന് ലക്ഷം) രൂപയ്ക്ക് സാധൂകരണം നല്കി ഉത്തരവാകുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**
**രജി രാജേന്ദ്രൻ**
**ഡെപ്യൂട്ടി സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ,സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, പെരിന്തൽമണ്ണ മുനിസിപ്പാലിറ്റി , മലപ്പുറം ജില്ല
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്കവകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ**